بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 27/05/2016

## (20 SHABAAN 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## WOMEN FOLK IN ISLAM : PART 2 / ഇസ്ലാമിലെ സ്ത്രീജനം : ഭാഗം 2

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമിലെ സ്ത്രീജനം എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം തുടർന്നു. ഇസ്ലാമിലെ സ്ത്രീജനത്തിന്റെ അന്തസ്സിനെക്കുറിച്ചുള്ള എന്റെ വെള്ളിയാഴ്ച ഖുത്തുബ തുടരുകയാണ്. (3) **മാതാവ് എന്ന നിലയിൽ** :– ഗർഭം ധരിക്കുന്നതിനെക്കാൾ സമുന്നതമായ മറ്റൊന്നില്ല എന്ന നിലയിലേക്ക് ഇസ്ലാം സ്ത്രീകളുടെ അന്തസ്സ് ഉയർത്തിയിരിക്കുന്നു. അവസാനത്തെ നിയമവാഹകമായ മതം എന്ന നിലയിൽ, ഇസ്ലാം എല്ലാ അവകാശങ്ങളും സ്ത്രീകൾക്ക് നൽകിയിരിക്കുന്നു. മനുഷ്യ വർഗ്ഗത്തിന് ആവശ്യമുള്ളതെല്ലാം അതിൽ അടങ്ങിയിരിക്കുന്നു. അങ്ങനെ അവരെ സമ്പൂർണ്ണമാക്കിയിരിക്കുന്നു. ആയതിനാൽ ഈ അധ്യാപനങ്ങൾ, വരും തലമുറകൾക്ക് വേണ്ടിയുള്ള ഏറ്റവും നല്ല അധ്യാപനങ്ങളായി നിലകൊള്ളുന്നു. അത് വിധിനാൾ വരേക്കും തുടരുന്നതാണ്. വിശുദ്ധ ഖുർ ആൻ പറയുന്നു. **"തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നൽകിയിരിക്കുന്നു. മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറണമെന്ന്. അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെ അടുക്കൽ (നിന്റെ ജീവിതകാലത്ത്) വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് 'ഛെ' എന്നു (പോലും) പറഞ്ഞു പോകരുത്. നീ അവർ രണ്ട് പേരോടും കയർത്തു സംസാരിക്കുകയും അരുത്. അവർ രണ്ടു പേരോടും മാന്യമായ വാക്ക് പറയുക. കരുണാർദ്രനായി നീ അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തികൊടുക്കുക. എന്റെ നാഥാ അവർ രണ്ട് പേരും എന്നെ ചെറുപ്രായത്തിൽ പോറ്റി വളർത്തിയതു പോലെ നീയും അവർക്ക് കരുണ ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക."** (17:24,25)

ഹസ്രത് അബൂഹുറൈറ റിപ്പോർട്ട് ചെയ്യുന്നു. **" പരിശുദ്ധ പ്രവാചകനോട് ഒരനുചരൻ ചോദിച്ചു. അല്ലാഹുവിനും അവന്റെ ദൂതനും ശേഷം ഞാൻ ഏറ്റവും നന്നായി പെരുമാറേണ്ടത് ആരോടാണ് ? പ്രവാചകൻ പറഞ്ഞു നിങ്ങളുടെ മാതാവിനോട്. അപ്പോൾ അദ്ദേഹം ചോദിച്ചു. അതിനുശേഷം ആരോട് ? ദൈവദൂതൻ മറുപടി പറഞ്ഞു. നിങ്ങളുടെ മാതാവിനോട്. അദ്ദേഹം വീണ്ടും ചോദിച്ചു. അതിനുശേഷം ആരോട് ? പ്രവാചകൻ പറഞ്ഞു നിന്റെ മാതാവിനോട് നാലാം പ്രാവശ്യവും അതേ ചോദ്യം ആവർത്തിച്ചു. അപ്പോൾ പ്രവാചകൻ പറഞ്ഞു. നിന്റെ പിതാവിനോട്"** (ബുഖാരി) അല്ലാഹുവിന്റെ കണ്ണുകളിൽ മാതാവിനുള്ള പരമമായ പ്രാധാന്യത്തെയാണ് ഈ ഹദീസ് കാണിക്കുന്നത്. അവന്റെ കുട്ടികളുടെയും കുടുംബത്തിന്റെയും ജീവിതത്തിൽ മാതാവിനുള്ള അതിമഹത്തായ സ്ഥാനത്തെയാണ് ഇത് കാണിക്കുന്നത് ! മാതാവ് വളരെയധികം ആദരവും സംരക്ഷണവും അർഹിക്കുന്നു. പിതാവിന് നൽകുന്നതിനേക്കാൾ മൂന്ന് മടങ്ങ് കൂടുതൽ ആദരവ്, സംരക്ഷണം ! അമ്മ അവളുടെ കുഞ്ഞിന് വേണ്ടി അനുഭവിക്കുന്ന ത്യാഗം, ദൈർഘ്യമേറിയതും വേദന നിറഞ്ഞതുമായ ഗർഭധാരണ കാലം മാത്രമല്ല, പ്രസവ സമയത്തും (കുഞ്ഞിനെ പ്രസവിക്കുമ്പോൾ) അവർ അനുഭവിക്കുന്ന വേദനയും വളരെ വലുതാണ്. വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു**" തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന് താക്കീത് നൽകിയിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ചുമന്നു. പ്രയാസപ്പെട്ട് കൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. "**46:16

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ അടുത്ത് ഒരു സഹാബി വന്നിട്ട് ചോദിച്ചു. യാത്ര ചെയ്യുന്ന വേളയിൽ, ഒരു സ്ഥലമുണ്ടായിരുന്നു, ആ പ്രദേശം അതികഠിനമായ ചൂടായിരുന്നു. നിങ്ങൾ ആ സ്ഥലത്ത് പച്ച മാംസം വച്ചാൽ, അത് പാകമായി കിട്ടത്തക്ക നിലയിലുള്ള ചൂടായിരുന്നു. ആ സ്ഥലത്ത് കൂടി 6 മൈൽ ദൂരം ഞാൻ എന്റെ മാതാവിനെ തോളിലേറ്റി കൊണ്ടു പോയി. എന്റെ മാതാവിനുള്ള എന്നിൽ നിന്നുള്ള അവകാശങ്ങളിൽ നിന്ന്, ഞാൻ മുക്തനായോ ? പ്രവാചകൻ പറഞ്ഞു. **"ഒരു പക്ഷേ, ഈ പ്രവർത്തി, നിന്നെ പ്രസവിച്ച സമയത്ത് അവർ അനുഭവിച്ച, ഒരു വേദനയ്ക്ക് പകരമായേക്കാം."**(തബറാഹി) ഇസ്ലാമിൽ, ഹജ്ജ് കർമ്മം ആരാധനയിലെ ഏറ്റവും നല്ല പ്രവർത്തിയാണ്. ശരിയായ നിലയിൽ ഒരാൾ ഹജ്ജ് കർമ്മം നിർവ്വഹിച്ചാൽ, അവന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം പൊറുക്കപ്പെടും. അല്ലാഹുവിന്റെ മുൻപിൽ അവന് വളരെ **വലിയ സ്ഥാനവും ലഭ്യമാണ്. എന്നാൽ മാതാവിന്റെ മഹത്വത്തെ പ്രകടമാക്കികൊണ്ട് പ്രവാചകൻ പറഞ്ഞു. "എന്നാൽ ഒരാൾ തന്റെ മാതാവിന്റെ മുഖത്തേക്ക് ഒരിക്കൽ സ്നേഹാദരവോടെ നോക്കിയാൽ, അവന് ഹജ്ജ്**

**കർമ്മം നിറവേറ്റിയ പ്രതിഫലം നൽകപ്പെടും.'' ജനങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. രണ്ട് പ്രാവശ്യം നോക്കിയാലോ? അപ്പോൾ പ്രവാചകൻ പറഞ്ഞു. അപ്പോൾ രണ്ട് ഹജ്ജ് കർമ്മം നിറവേറ്റിയ പ്രതിഫലം ലഭിക്കും. മൂന്ന് പ്രാവശ്യം നോക്കിയാലോ ? മൂന്ന് പ്രാവശ്യം ഹജ്ജ് കർമ്മം നിറവേറ്റിയ ഫലം ലഭിക്കുന്നതാണ്. അങ്ങനെ അത് തുടരും.''** ഈ രീതിയിൽ പ്രവാചകൻ സ്വയം ലോകത്തിന്റെ മുമ്പിൽ മാതൃക കാണിക്കുകയുണ്ടായി. ഒരിക്കൽ ഹലീമ (റ) മുഹമ്മദ് നബി (സ)യുടെ കുട്ടിക്കാലത്ത് പാലുകൊടുത്ത് വളർത്തിയ മഹതി, അദ്ദേഹത്തെ കാണുവാൻ വരുകയുണ്ടായി. പ്രവാചകൻ തന്റെ അനുയായികളോടൊപ്പം ഇരിക്കുകയായിരുന്നു. ആ മഹതിയെ പ്രവാചകൻ കണ്ട ഉടൻ തന്നെ, എഴുന്നേറ്റു, മാതാവ് എന്ന നിലയിൽ തന്നെ സ്നേഹാദരവോടെ ക്ഷണിച്ചു. തന്റെ മേൽക്കുപ്പായം തറയിൽ വിരിച്ചു. എന്നിട്ട് തന്റെ വളർത്തു മാതാവിനെ അവിടെ ഇരിക്കുന്നതിനായി അഭ്യർത്ഥിച്ചു. ഈ ചര്യയിൽ നിന്നും വ്യക്തമാകുന്നത് ഇസ്ലാമിലെ ഒരു മാതാവിന് തന്റെ മക്കളിൽ നിന്ന് ലഭിക്കുന്ന ആദരവ് അത്യുന്നതമാണ്. മറ്റൊരു ഭൗതീക ബന്ധത്തിനും ഇത്തരം സ്നേഹാദരവ് ആഗ്രഹിക്കാവുന്നതല്ല. ഇസ്ലാം, പുരുഷന്മാർക്ക് തുറക്കപ്പെട്ടിരിക്കുന്നതുപോലെ സ്ത്രീകൾക്കും ആത്മീയ ഔന്നത്യ വാതിലുകൾ തുറക്കപ്പെട്ടതാണ്. പുരുഷൻമാർക്ക് നൽകുന്നത് പോലെ സ്ത്രീകൾക്കും വിദ്യാഭ്യാസം നൽകുവാൻ അത് ആജ്ഞാപിക്കുന്നു. പഠനത്തിൽ അവർ വലിയ നിലയിൽ എത്തിച്ചേർന്നാൽ പുരുഷന്മാരെപോലെ അവർക്ക് ലഭിച്ച അവരുടെ അറിവും ബുദ്ധിയും പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രവാചകന്റെ വഫാത്തിനുശേഷം, അദ്ദേഹത്തിന്റെ അനുചരന്മാർ, ഉമ്മുൽ മുഅ്മിനീൻ ആയിശാ (റ) യെ സന്ദർശിക്കുക പതിവായിരുന്നു. പ്രവാചകന്റെ അനുഗ്രഹീത പത്നിയോട്, അനുയായികൾ അറിവ് അന്വേഷിച്ച് ചെല്ലുക പതിവായിരുന്നു. ഒരു സദസ്സിൽ വച്ച്, പ്രവാചകൻ വഫാത്തിനു മുൻപ് പറയുകയുണ്ടായി. നിങ്ങൾക്ക് നിങ്ങളുടെ പകുതി അറിവ് നേടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആയിശാ (റ) യെ സമീപിക്കുക. (ഉമൈറ) സമുദായത്തിൽ, അത്യുന്നതമായ ബഹുമതികൾ ആർജ്ജിച്ച അനേകം മഹതികളുടെ പേരുകൾ കൊണ്ട്, ഭാസുരമാക്കപ്പെട്ടതാണ് ഇസ്ലാമിക ചരിത്രം. അത്യുന്നതമായ വിദ്യാഭ്യാസവും, മാനവ പ്രവർത്തന മേഖലകളിൽ ഉന്നതമായ ബിരുദങ്ങളും അവർ നേടി, ഇത് മുസ്ലീങ്ങൾ അല്ലാത്ത മറ്റു സമുദായങ്ങളുടെ സ്വാധീനത്തിലൂടെയായിരുന്നു. സ്ത്രീകളുടെ, താണ നിലവാരത്തിന്റെ കാരണം, മുസ്ലീം വിഭാഗത്തിലെ വിദ്യാഭ്യാസ പിന്നോക്കവസ്ഥയാണ്. കാരണം അവർക്ക് ഇസ്ലാമിക അധ്യാപനങ്ങൾ, വളരെക്കുറച്ച് മാത്രമേ ലഭിച്ചിട്ടുള്ളൂ. അവർക്ക് ഇസ്ലാമിക അധ്യാപനങ്ങൾ ശരിക്കും അറിയാമായിരുന്നുവെങ്കിൽ, അവർക്ക മനസ്സിലാകുമായിരുന്നു. അതായത് പുരുഷന് ലഭിക്കുന്ന അതേ വിദ്യാഭ്യാസവും അതേ ആദരവും, അതേ മഹത്വവും, അതേ സ്ഥാനവും സ്ത്രീക്കും ലഭിക്കേണ്ടതാണെന്ന് ! അങ്ങനെയായിരുന്നുവെങ്കിൽ, അവരെ തരംതാഴ്ത്തിലായിരുന്നു, ഉപദ്രവിക്കില്ലായിരുന്നു, അവരുടെ ഉപകരണങ്ങളാക്കി മാറ്റില്ലായിരുന്നു.

ദുരുദ്ദേശത്തോടെ അവളെ സ്പർശിക്കുന്നത്, ഒരു പാപമായി മനസ്സിലാക്കുമായിരുന്നു. ദുരുദ്ദേശത്തോടെ അവളെ ഒന്ന് നോക്കുന്നതു പോലും ഒരു ഹീന പ്രവർത്തിയായി മനസ്സിലാക്കുമായിരുന്നു. അതായത് വ്യഭിചാരം ഇസ്ലാമിൽ കുറ്റകരമാണ്. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ പുരുഷൻമാരോട് കൽപ്പിച്ചിരിക്കുന്നത് **''സത്യവിശ്വാസികളായ പുരുഷൻമാരോട് പറയുക. അവർ തങ്ങളുടെ കണ്ണുകൾ (ദൃഷ്ടികൾ) താഴ്ത്തുകയും (നിയന്ത്രിക്കുകയും) തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗ്ഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു.''** (24:31)

സമുദായത്തിൽ, സ്ത്രീയുടെ പ്രാധാന്യം വളരെ കൂടുതലാണെന്ന് പറയാൻ ആർക്കും കഴിയില്ല. കാരണം മാനവ സമുദായത്തിന്റെ മാതാവാണവർ. കുറഞ്ഞത് 6 മാസക്കാലമെങ്കിലും അവൾ അവളുടെ ഗർഭാശയത്തിൽ തന്റെ കുഞ്ഞിനെ വഹിക്കുന്നു, രണ്ട് വർഷക്കാലം അവൾ, തന്റെ കുഞ്ഞിനെ മുല ഊട്ടുന്നു. ആറ്, ഏഴ് വയസ്സുവരെ കുറഞ്ഞത് തന്റെ കുഞ്ഞിന് ജീവിത പരിശീലനം നൽകുന്നു. വൈദ്യശാസ്ത്രത്തിന്റെ അറിയപ്പെടുന്ന ഒരു വസ്തുതയാണ്, ഒരു മാതാവിന്റെ മാനസിക അവസ്ഥകൾ, തന്റെ കുഞ്ഞുങ്ങളുടെ മാനസിക അവസ്ഥയെ ബാധിക്കുന്നു. അതുപോലെയോ അതിൽകൂടുതലായോ അവരുടെ ശാരീരിക വ്യാപാരങ്ങളും തന്റെ കുഞ്ഞുങ്ങളുടെ ശാരീരിക വളർച്ചയെ സ്വാധീനിക്കുന്നു. ഇസ്ലാം, ആയതിനാൽ, മോശ പ്രവണത ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് സ്വയം അകന്നു കഴിയുവാൻ സ്ത്രീകളോട് കൽപ്പിക്കുന്നു. അങ്ങനെയായാൽ അവരുടെ വിശുദ്ധതയും, പവിത്രതയും കാത്തുസൂക്ഷിക്കുവാൻ കഴിയുന്നതും തങ്ങളുടെ കുഞ്ഞുങ്ങളുടെ മാനസിക ബലം സുരക്ഷിതവും കുറ്റമറ്റതുമായി തീരുന്നതാണ്. അതുകൊണ്ടാണ് അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നത് **'' പ്രവാചകപത്നിമാരേ, നിങ്ങൾ സൂക്ഷ്മത കൈക്കൊള്ളുന്നതായാൽ നിങ്ങൾ അന്യസ്ത്രീകളിൽ ആരേയും പോലെയല്ല. അതിനാൽ നിങ്ങൾ സംസാരത്തിൽ മസൃണമാകരുത്. (കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കരുത്) അങ്ങനെ സംസാരിക്കുന്ന പക്ഷം ഹൃദയത്തിൽ രോഗമുള്ളവൻ (നിങ്ങളെ) മോഹിച്ചേക്കാം. നിങ്ങൾ (എപ്പോഴും ജനങ്ങളോട്) മാന്യമായ വാക്ക് പറയുക. നിങ്ങൾ നിങ്ങളുടെ വീടുകളിൽ ഒതുങ്ങിയിരിക്കുക. പഴയ അജ്ഞാന കാലത്തെ സൗന്ദര്യ പ്രകടനം പോലെ നിങ്ങൾ സൗന്ദര്യ പ്രകടനം ചെയ്യരുത്. നിങ്ങൾ നമസ്ക്കാരം നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും ചെയ്യുക. (നബിയുടെ വീട്ടുകാരെ) നിങ്ങളിൽ നിന്ന് മാലിന്യം അകറ്റുകയും നിങ്ങളെ നല്ലവണ്ണം ശുദ്ധിയാക്കുകയും ചെയ്യണമെന്ന് മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്''**

**(33:33 – 34)"അവരുടെ പിതാക്കൾ, അവരുടെ ആൺമക്കൾ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദരൻമാരുടെ ആൺമക്കൾ, അവരുടെ സഹോദരിമാരുടെയും ആൺമക്കൾ, അവരുടെ സ്വന്തക്കാരായ സ്ത്രീകൾ, അവരുടെ വലത് കൈകൾ അധീനപ്പെടുത്തിയവർ എന്നിവരെ സംബന്ധിച്ചിടത്തോളം അവർക്ക് കുറ്റമൊന്നുമില്ല. (ഇവരുടെ മുൻപിൽ പർദ ആചരിക്കേണ്ടതില്ല) നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക (ഓ നബിയുടെ ഭാര്യമാരെ) തീർച്ചയായും അല്ലാഹു സർവ്വകാര്യത്തിലും സാക്ഷിയാകുന്നു. (33:56) " ഓ നബീ, നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും (അവർ പുറത്തിറങ്ങുമ്പോൾ) അവരുടെ മേൽ വസ്ത്രങ്ങൾ തങ്ങളുടെ ശരീരങ്ങളിൻമേൽ മൂടി പുതയ്ക്കേണ്ടതാണെന്ന് പറയുക. അവരെ തിരിച്ചറിയുന്നതിനും അങ്ങനെ, അവരെ (ആരും) ശല്യപ്പെടുത്താതിരിക്കുന്നതിനും ഏറ്റവും ഉപയുക്തമായ മാർഗ്ഗമാണിത്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു."** (33:60)

ഈ കൽപനകൾ പ്രവാചകൻ തന്റെ മകൾ ഫാത്വിമയിലൂടെയും, തന്റെ പ്രിയ പത്നിമാരായ ഖദീജയിലൂടെയും, ആയിശയിലൂടയും മറ്റുളളവരിലൂടെയും മാതൃകാപരമായി വ്യാഖ്യാനിച്ചു കാണിച്ച് തന്നത് എങ്ങനെയെന്ന് നോക്കാം. നമുക്കൊരു തെളിവും കണ്ടെത്തുവാൻ കഴിയുകയില്ല, പർദ്ദ ആചരിക്കുവാനുള്ള വെളിപാടുകൾ ലഭിച്ച ശേഷം പ്രവാചകൻ (സ) യുടെ ഭാര്യമാരോ, അദ്ദേഹത്തിന്റെ പുത്രിമാരോ, എവിടെയെങ്കിലും തുറന്ന മുഖവുമായ തുറന്ന തലയുമായോ അപരിചിതരുടെ മുൻപിൽ പ്രത്യക്ഷമായതായി! പ്രാർത്ഥനയ്ക്കോ, ഹജ്ജ് നിർവ്വഹണ വേളയിലോ അല്ലാതെ! പ്രാർത്ഥനാ വേളകളിൽ, സ്ത്രീയുടെ മുഖവും കൈകളും ഒഴികെയുള്ള ഭാഗങ്ങൾ, തുണിയാൽ മറയ്ക്കപ്പെടേണ്ടതാണ് എന്നത് പ്രാർത്ഥനയുടെ വ്യവസ്ഥകളിൽ പെടുന്നതാണ്. അതുപോലെ തന്നെ ഒരു പ്രവാചക വചനത്തിലൂടെ നൽകിയിരിക്കുന്ന, ഒരു കൽപനയാണ്, ഹജ്ജ് കർമ്മ വേളയിൽ സ്ത്രീ പർദ്ദ ധരിക്കരുത് എന്നത്! പ്രാർത്ഥനയിലും, ഹജ്ജ് വേളയിലും, പുരുഷൻമാർ നിരോധിക്കപ്പെട്ടിരിക്കുന്നു, സ്ത്രീകളുടെ മുഖത്ത് നോക്കുവാൻ പാടില്ലായെന്ന് ! അവർക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. നിങ്ങൾ ഓർക്കണം ! അല്ലാഹുവിന്റെ ഭക്തദാസികൾ, അവരുടെ സൃഷ്ടാവിന്റെ സാന്നിദ്ധ്യത്തിലാണെന്ന് ! ജീവിതത്തിൽ അവരുടെ സ്ഥാനത്തെ ആദരിച്ചുകൊണ്ട്, മനുഷ്യരെന്ന നിലയിൽ, അവരുടെ ജന്മനായുള്ള അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട്, പുരുഷനും സ്ത്രീക്കും അവരുടെ രക്ഷിതാവുമായുള്ള ബന്ധം, തുല്യ നിലയിലാണെന്നും, ഇസ്ലാം പഠിപ്പിക്കുന്നു. പ്രവാചകൻ (സ) യുടെ അധ്യാപനം ഇതായിരുന്നു. ഇത് തന്നെയായിരുന്നു വിശുദ്ധ ഖുർ ആന്റെ വിധിയും അല്ലാഹു (ത) പറയുന്നു. **" അങ്ങനെ അവരുടെ നാഥൻ അവരുടെ പ്രാർത്ഥനയ്ക്ക് ഇങ്ങനെ പറഞ്ഞുകൊണ്ട് ഉത്തരം നൽകി. നിശ്ചയമായും നിങ്ങളിൽപ്പെട്ട ഒരു പ്രവർത്തകന്റെയും പ്രവർത്തിയെ ഞാൻ പാഴാക്കുകയില്ല – അത് പുരുഷനോ സ്ത്രീയോ ആരായാലും – നിങ്ങളിൽ ചിലർ മറ്റു ചിലരുമായി (പരസ്പരം) ബന്ധപ്പെട്ടവരാണ്. അതുകൊണ്ട് (മതസംരക്ഷണത്തിനായി) സ്വദേശം വിടുകയും തങ്ങളുടെ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗ്ഗത്തിൽ ഉപദ്രവിക്കപ്പെടുകയും യുദ്ധം ചെയ്യുകയും കൊല്ലപ്പെടുകയും ചെയ്തവരാരോ, തീർച്ചയായും അവരിൽ നിന്ന് അവരുടെ തിന്മകൾ ഞാൻ അകറ്റി കളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങളിൽ അവരെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ് – അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമാണിത്. അല്ലാഹുവിങ്കലത്രേ ഏറ്റവും ഉത്തമമായ പ്രതിഫലം (3:196) "**

ഇസ്ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവ് അല്ലാഹു (ത) മാനവകുലത്തിന് പ്രദാനം ചെയ്യട്ടെ ! സ്ത്രീജനത്തിന് അവരർഹിക്കുന്ന പ്രാധാന്യം നൽകുവാനും, അവരുടെ അവകാശങ്ങളെ ചവിട്ടി മെതിക്കാതിരിക്കുവാനും, ഇസ്ലാം പഠിപ്പിച്ച തരത്തിൽ അവരെ ആദരിക്കുവാനും അവരുടെ ഭൗതീക ആത്മീയ വളർച്ചയിലൂടെ മനുഷ്യ വർഗ്ഗത്തിന് മൊത്തത്തിൽ പ്രയോജനം നേടുവാനും കഴിയട്ടെ ! ആമീൻ.

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
Ph: 9447001832 / 0475 2220223 / 8547299180
email : jamal.raother@gmail.com
www.jamaat-Ul-Sahih-Al-Islam.com